പാട്ടക്കരാർ നീട്ടിക്കൊടുക്കുന്നതിന് നടപടി

78 (259) ശ്രീ. മത്തായി ചാക്കോ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏലം റിസർവ്വ് വനങ്ങളിലെ പാട്ടക്കരാർ നീട്ടിക്കൊടുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര ഹെക്ടർ ഭൂമിയുടെ പാട്ടക്കരാറാണ് പുതുക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഏലം റിസർവ്വ് വനഭൂമിയുടെ ഉടമസ്ഥാവകാശം ഏത് വകുപ്പിനാണ് ;

(സി) പാട്ടക്കരാറിലെ വ്യവസ്ഥ ലംഘിക്കപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഏലം കൃഷിക്ക് നല്കിയ ഭൂമി മറ്റ് കൃഷി ഭൂമികളായി മാറ്റുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പഠിക്കുന്നതിന് ഇപ്പോൾ സർവ്വേ നടത്തുന്നുണ്ടോ;

(ഇ) നെല്ലിയാമ്പതിയിലെ തോട്ടങ്ങളുടെ പാട്ടക്കരാർ കാലാവധി കഴിഞ്ഞ് പുതുക്കുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് വിശദമാക്കാമോ;

(എഫ്) പാട്ടക്കരാർ പുതുക്കിക്കൊടുക്കുന്നത് കേന്ദ്ര നിയമത്തിന് എതിരാകും എന്ന് വനം വകുപ്പ് റിപ്പോർട്ട് നല്കിയിട്ടുണ്ടോ ?

ഉത്തരം

(എ) ഏലം റിസർവ്വ് വനം എന്ന പേരിൽ ഏല കൃഷിക്ക് വേണ്ടി യാതൊരു ഭൂമിയും പാട്ടത്തിന് നൽകുന്നില്ല. എന്നാൽ സി.എച്ച്.ആർ. മേഖലയിലെ ഭൂമിയാണ് ഏലകൃഷിക്കായി പാട്ടത്തിന് നൽകുന്നത്. സി.എച്ച്.ആർ. ഭൂമിയിൽ പാട്ടം നൽകുന്നത് കോടതി വിലക്കിയിരിക്കുകയാണ്.

(ബി) സി.എച്ച്.ആർ. ഉൾപ്പെടെ എല്ലാ സർക്കാർ ഭൂമിയും റവന്യൂ വകുപ്പിന്റെ കീഴിലാണ്.

(സി&ഡി) ഇല്ല.

(ഇ) ഇപ്പോൾ സുപ്രീം കോടതിയിൽ ഇതുസംബന്ധിച്ച് നിലവിലുള്ള കേസ്സുകളുടെ തീരുമാനം അനുസരിച്ച് ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) പാട്ടക്കരാർ പുതുക്കുന്നത് വിലക്കുന്ന യാതൊരു കേന്ദ്ര നിയമവും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly